പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5159 | 30.06.2014-ൽ മറുപടിക്ക്.

## ഫയർ & റെസ്ക്യൂ വകുപ്പിലെ ഡ്രൈവർ- മെക്കാനിക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഫയർ & റെസ്ക്യൂ വകുപ്പിൽ ഡ്രൈവർ മെക്കാനിക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് എൻട്രി കേഡർ അടിസ്ഥാനമാക്കി കണക്കാക്കണമെന്ന് വ്യക്തമാക്കിക്കൊണ്ട് 06.05.2014-ലെ സർക്കാർ ഉത്തരവ് 1304/14/Home നിലവിലുണ്ടോ; | : (എ) അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള പ്രെമോഷന്, ഡ്രൈവർ മെക്കാനിക്കുമാരുടെ എൻട്രി കേഡറായ ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർമാരുടെ സീനിയോറിറ്റി അടിസ്ഥാനമാക്കണമെന്ന സർക്കാർ ഉത്തരവ് 1304/2014/ആഭ്യന്തരം തീയതി 06.05.2014 നിലവിലുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവ് ലഭിച്ചിട്ടും കമാന്റന്റ് ജനറൽ, ഡ്രൈവർ മെക്കാനിക്കുമാരുടെ പ്രമോഷൻ തസ്തികയായ അസി. സറ്റേഷൻ ഓഫീസർ തസ്തികയിലേക്ക് അവരെ ഒഴിവാക്കി ഫീഡർ കാറ്റഗറിയിലെ ഒരു വിഭാഗമായ ലീഡിംഗ് ഫയർമാൻമാർക്ക് മാത്രമായി സ്ഥാനക്കയറ്റം നൽകി 29.05.2014 ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) ഉണ്ടെങ്കിൽ ക്രമവിരുദ്ധമായ ഉത്തരവ് റദ്ദാക്കാനും ഇത്തരം ക്രമവിരുദ്ധമായ നടപടികൾക്ക് കാരണക്കാരായവർക്കെതിരെയും നടപടികൾ സ്വീകരിക്കുമോ; | : (ബിയും, സിയും) ഉണ്ട്. ഡ്രൈവർ മെക്കാനിക്കിന്റെ എൻട്രി കേഡറായ ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർമാരുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ചപ്പോൾ അതിൽ സീനിയറായ ഡ്രൈവർ മെക്കാനിക്ക് അസിസ്റ്റൻറ് സ്റ്റേഷൻ ഓഫീസർ കോഴ്സ് പാസ്സാകാത്തതുകൊണ്ടാണ് അവർക്കുള്ള ഒഴിവ് നിലനിർത്തിക്കൊണ്ട് ലീഡിംഗ് ഫയർമാൻ തസ്തികയിലുള്ളവർക്ക് മാത്രം സ്ഥാനക്കയറ്റം നൽകിയത്. |

(ഡി) 06.05.2014-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് ഡ്രൈവർ മെക്കാനിക്ക് മാരുടെ എൻട്രി കേഡർ അനുസരിച്ചുള്ള സീനിയോറിറ്റി ലിസ്റ്റ് സമയബന്ധിതമായി പൂർത്തിയാക്കി അർഹരായവർക്ക് പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

: (ഡി) എൻട്രി കേഡറിലെ സീനിയോറിറ്റി പ്രകാരം അതിൽ സീനിയർ മോസ്റ്റായ ഡ്രൈവർ മെക്കാനിക്കുമാരെ ഉടൻ ക്വാളിഫൈയിംഗ് കോഴ്സിനയച്ച് പാസ്സാകുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ